പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1064 12.03.2015-ൽ മറുപടിക്ക്**

# "എൽ.പി.എസ്.എ.യുടെ ശമ്പളം തടഞ്ഞ് വച്ചവർക്കെതിരെ നടപടി"

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കായംകുളം AEO യുടെ കീഴിൽ വരുന്ന ചാരുംമൂട് സെന്റ് മേരീസ് L.P.S ലെ LPSA ശ്രീമതി.മിനി ജോസഫിന്റെ ശമ്പളം തടഞ്ഞ് വച്ച് ഉപദ്രവിക്കുന്നത് പരിഹരിക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ ആയ ശ്രീമതി.മിനി ജോസഫിന് 03.06.2013 മുതൽ 01.06.2014 വരെയുള്ള ശമ്പളം മാറി നൽകി സേവന പുസ്തകവും എൽ.പി.സി.യും കുറുമ്പക്കര സെന്റ് ബ്രോക്കാർഡ്സ് എൽ.പി.സ്കൂളിലേയ്ക്ക് 2014 നവംബർ മാസത്തിൽ അയച്ചിരുന്നു. എന്നാൽ, പ്രസ്തുത അദ്ധ്യാപിക 02.06.2014 മുതൽ 25.06.2014 വരെ ടി സ്കൂളിൽ ജോലി ചെയ്ത കാലയളവിലെ ശമ്പളം മാറി എൽ.പി.സി.യും അനുബന്ധ രേഖകളും ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ തന്നെ 25.06.2014 മുതലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും മാറി നൽകുന്നതാണെന്നു പ്രഥമാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. 02.06.2014 മുതൽ 26 ദിവസത്തെ ശമ്പളം സ്പാർക്ക് മുഖേന പാർട്ട് സാലറിയായി എടുത്തപ്പോൾ നിർബന്ധിതമായി കുറവു ചെയ്യേണ്ട തുകകൾ ഉൾപ്പെട്ടു വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ദിവസങ്ങളിലെ ശമ്പളം മാറി നൽകുവാനായിട്ടില്ല. ഈ വിവരം സ്പാർക്ക് അധികാരികളെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ശമ്പളം നല്കാതെ ഈ അദ്ധ്യാപികയെ മാനസ്സികമായി പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | 17.06.2014-ലെ സർക്കാർ ഉത്തരവിന്റേയും, 25.08.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി.മിനി ജോസഫിന്റെ സ്ഥലംമാറ്റം അംഗീകരിച്ചു നൽകുകയും, 03.06.2013 മുതൽ 01.06.2014 വരെയുള്ള ശമ്പളം മാറി നൽകുകയും ചെയ്തിട്ടുണ്ട്. |

(സി) ഇതിൽ കുറ്റാരോപിതരായവർക്കെതിരെ എന്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല.

(ഡി) ഈ വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസോ വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു സമിതിയെയോ നിയമിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) ഈ വിഷയത്തിൽ ആരും വീഴ്ച വരുത്തിയതായി കാണുന്നില്ല. ആയതിനാൽ പ്രത്യേക അന്വേഷണത്തിന്റെ ആവശ്യമില്ല.

(ഇ) ന്യായ യുക്തമല്ലാതെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഉണ്ടാകുമോ;

(ഇ) ഈ വിഷയത്തിൽ ആരും തന്നെ ന്യായയുക്തമല്ലാതെ പ്രവർത്തിച്ചതായി കാണുന്നില്ല.

(എഫ്) എയ്ഡഡ് സ്കൂളുകളിലെ സർവ്വീസുകൾ യാതൊരു നീതികരണവുമില്ലാതെ നീട്ടികൊണ്ട് പോകുകയും അഴിമതിയ്ക്ക് വലിയ തോതിൽ ഇടവരുത്തുകയും ചെയ്യുന്നത് മൂലം ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഒരു ചുരുങ്ങിയ സമയ പരിധിക്കുള്ളിൽ ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എഫ്) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി സ്ഥിരീകരിച്ച ഒഴിവുകളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ യഥാസമയം അംഗീകരിക്കുന്നുണ്ട്. ചട്ടപ്രകാരമല്ലാത്ത നിയമനങ്ങൾ വിദ്യാഭ്യാസ അധികാരികൾ നിരസിക്കുകയും, തത്ഫലമായി അവ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള അപ്പീലുകൾ, റിവിഷനുകൾ എന്നിവയ്ക്ക് വിധേയമായി തീർപ്പുകൽപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**